LIBRARY ARCHIVES Kerala Legislative Assembly

## ആരോഗ്യ വകുപ്പിൽ ഹൗസ്കീപ്പർ നിയമനം

146 [5291] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഹൗസ്കീപ്പർ തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) നിലവിൽ എത്ര ഒഴിവുകളുണ്ട്;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഹൗസ് കീപ്പർ തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി. ലിസ്റ്റിൽ നിന്നും തിരുവനന്തപുരം-2, ആലപ്പുഴ-1, കോട്ടയം-2, പാലക്കാട്-2, തൃശ്ശൂർ-1 എന്ന ക്രമത്തിൽ ഹൗസ്കീപ്പർമാരെ നിയമിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ല.

(ബി) ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട, കോട്ടയം, പാലക്കാട്, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഓരോന്നും, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം ജില്ലകളിൽ രണ്ടു വീതവും ഒഴിവുകൾ നിലവിലുണ്ട്.

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള ജില്ലകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പുതിയ മെഡിക്കൽ കോളേജുകൾ

147 [5292] ശ്രീ. സി. ടി. അഹമ്മദ് അലി:
,, ഇസ്ഹാക് കുരിക്കൾ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്;

(ബി) പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികളുടെ എണ്ണം പരിഗണിച്ച് പുതിയ മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിന് ആലോചനയുണ്ടോ;

(സി) എങ്കിൽ സ്വകാര്യ മേഖലയിലെത്ര; പൊതുമേഖലയിലെത്ര;

(ഡി) സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജ് അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്?